# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1296** — **02.05.2017 ൽ മറുപടിയ്ക്ക്**

## മദ്യവർജ്ജനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. അബ്ദുറഹിമാൻ** | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) മദ്യവർജ്ജനം യാഥാർത്ഥ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും പ്രചാരണ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;<br>ബി) മദ്യവർജ്ജനത്തിനായി എന്തൊക്കെ നടപടികളാണ് തദ്ദേശ സ്ഥാപനങ്ങളും വകുപ്പും സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ;<br>സി) സർക്കാരിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ? | എ) മുതൽ സി) വരെ: മദ്യവർജ്ജനം നടപ്പിലാക്കുന്നതിനുള്ള എക്സൈസ് വകുപ്പിന്റെ 'വിമുക്തി' പദ്ധതിയുടെ ഭാഗമായുള്ള നടപടിക്രമങ്ങൾ പാലിച്ച് മദ്യവർജ്ജനം പ്രചരിപ്പിക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തുന്നുണ്ട്. ലഹരി വിരുദ്ധ സന്ദേശം എല്ലാ വീടുകളിലും എത്തിക്കുന്നതിനുള്ള 'വിമുക്തി സ്റ്റിക്കർ' പതിക്കുന്ന പ്രവർത്തനം കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർ മുഖേന നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ്/അയൽക്കൂട്ടതല കമ്മിറ്റികൾ രൂപീകരിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിൽ എക്സൈസ് വകുപ്പിന്റെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് വ്യാജമദ്യം, അനധികൃത മദ്യവില്പന എന്നിവ തടയുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് രൂപം നൽകാറുണ്ട് |

സെക്ഷൻ ഓഫീസർ